# US PROFILES



## തോമസ് ജോസ്

# തോമസ് ജോസ്

## മലയാള ഭാഷാ ചരിത്രത്തിൽ ഇടം പിടിച്ച 'ജോസ്കുട്ടി ഫോണ്ട്'



ഫോമാ നേതാവായാണ് തോമസ് ജോസിനെ മലയാളി സമൂഹം ഇപ്പോൾ അറിയുന്നത്. കാപിറ്റൽ റീജിയൻ ആർ.വി.പി ആണ്.

എന്നാൽ മലയാള ഭാഷാ ചരിത്രത്തിൽ തോമസ് ജോസിനും ഒരു സ്ഥാനമുണ്ട് എന്നത് അധികമാരും ശ്രദ്ധിക്കാത്ത കാര്യമാണ്. മലയാളത്തിലെ ആദ്യ ഫോണ്ട് ഉണ്ടാക്കിയവരിൽ ഒരാളാണ് തോമസ് ജോസ്. അദ്ദേഹത്തിന്റെ ജോസ്കുട്ടി ഫോണ്ട് ഒരു കാലത്ത് കമ്പ്യുട്ടറിൽ മലയാളം ആയിരുന്നു.

മലയാളം ഫോണ്ട് ആദ്യം രൂപപ്പെടുത്തിയത് ജോസ്കുട്ടി ആണോ എന്ന് തർക്കം വരാം. എന്നാൽ പി.സി. ഫോണ്ട് വികസിപ്പിച്ചതും പ്രചാരത്തിൽ കൊണ്ട് വന്നതും ജോസ്കുട്ടി തന്നെ. മൂന്നു പതിറ്റാണ്ട് അഴിഞ്ഞിട്ടും ഇപ്പോഴും ചുരുക്കമായി ജോസ്കുട്ടി ഫോണ്ട് ഉപയോഗിക്കുന്നു എന്നതും അതിശയം തന്നെ.

ഈ ഒരു ചരിത്രം മറന്നു പോകരുത് എന്ന ലക്ഷ്യമാണ് ഈ പ്രൊഫൈലിന് പിന്നിൽ.

എന്നാൽ ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നത് ട്രാസ്‌ലിറ്ററേഷൻ എന്ന വിദ്യയാണ്. അതായത് ഇംഗ്ലീഷിൽ ടൈപ്പ് ചെയ്താൽ അത് മലയാളത്തിൽ വരുന്ന വിദ്യ. ഇത് വ്യാപകമാകുന്നതോടെ മലയാളം അക്ഷരം മരിക്കുകയും, നമ്മുടെ ഭാഷക്കും സംസ്കാരത്തിനും വലിയ കോട്ടം സംഭവിക്കുകയും ചെയ്യുമെന്ന് തോമസ് ജോസ് ആശങ്കപ്പെടുന്നു.

(മലയാളത്തിലെ അക്കങ്ങൾക്ക് സംഭവിച്ചത് മറക്കരുത്. ഇപ്പോൾ നാം ഇംഗ്ലീഷ് അക്കങ്ങൾ ഉപയോഗിക്കുന്നു. മലയാളം അക്കങ്ങൾ മറന്നും പോയി. ഗൂഗിളിൽ ടൈപ്പ് ചെയ്യുമ്പോൾ മാത്രം ഒരു അലോസരമായി മലയാളം അക്കം കടന്നു വരും. അത് നമുക്ക് മനസിലാവുകയുമില്ല. അപ്പോൾ അത് പിന്നെ ഇംഗ്ലീഷ് അക്കമാക്കണം. ഇതിന്റെ ഗുണവും മറക്കണ്ട. ലോകത്ത് എവിടെ ഇംഗ്ലീഷ് അക്കം കണ്ടാലും നമുക്ക് വായിക്കാം. മറ്റുള്ളവർക്കും നമ്മുടെ അക്കങ്ങൾ വായിക്കാം)

ഫോണ്ടിന്റെ തുടക്കത്തെപ്പറ്റി അദ്ദേഹം പറയുന്നു: ഞാൻ അമേരിക്കൻ ജീവിതം ആരംഭിച്ചകാലം(1984) പേഴ്സണൽ കമ്പ്യൂട്ടർ (PC) ഉപയോഗത്തിൽ എത്തിയിരുന്നെങ്കിലും ചുരുക്കം ചിലർക്കു മാത്രമേ കൈവശം ഉണ്ടായിരുന്നുള്ളൂ.

അന്ന് ഉപയോഗത്തിലിരുന്ന ഇലക്ട്രോണിക് ടൈപ്പ്റൈറ്റർ, പ്രിന്റിംഗ് ക്വാളിറ്റിയുടെ കാര്യത്തിൽ വളരെ മികച്ചതായിരുന്നു. അത്തരം ടൈപ്പ്റൈറ്റർ ഉപയോഗിച്ചു പ്രിന്റ് ചെയ്ത ഡോക്യുമെന്റിന്റെ വൃത്തി (neatness) ആകർഷകം തന്നെയായിരുന്നു. പ്രത്യേകിച്ച് നാട്ടിൽ പരിചയിച്ചിരുന്ന കാർബൺ റിബൺ ടൈപ്പ്റൈറ്ററുമായി താരതമ്യപ്പെടുത്തുമ്പോൾ. അക്കാലത്തും മലയാളം ടൈപ്പ്റൈറ്റർ നാട്ടിൽ ഉപയോഗത്തിൽ ഉണ്ടായിരുന്നെങ്കിലും ടൈപ്പ് ചെയ്ത പേജ് കണ്ടാൽ, ഇതിലും മെച്ചം കൈയ്യെഴുത്ത് തന്നെയെന്ന് തോന്നിപോകുമായിരുന്നു.

ഈ ഒരു താരതമ്യം തന്നെയാണ് മലയാളം ഭംഗിയായി ടൈപ്പ് ചെയ്ത് തയ്യാറാക്കുവാനുള്ള വിദ്യയെപ്പറ്റി ആലോചിക്കുവാൻ കാരണമായത്.

എൺപതുകളുടെ രണ്ടാം പകുതിയോടെ പിസി കൂടുതൽ വ്യാപകമാവുകയും ടൈപ്പ്റൈറ്ററും മറ്റു വേർഡ് പ്രൊസസർ ഉപകരണങ്ങളും അപ്രത്യക്ഷമായി തുടങ്ങി. പലതരം ഇംഗ്ലീഷ് ഫോണ്ട്സ് കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്നതു കണ്ടപ്പോൾ, മലയാളം ലിപികളും അതേ സാങ്കേതിക വിദ്യ ഉപയോഗിച്ചു പ്രിന്റു ചെയ്യുവാൻ സാധിക്കണമല്ലോ എന്ന ചിന്ത മനസിലുദിച്ചു. അങ്ങനെയുള്ള അന്വേഷണത്തിൽ, ഫോണ്ട്സ് രൂപപ്പെടുത്തുവാൻ സഹായിക്കുന്ന ഒരു സോഫ്റ്റ് വെയർ കണ്ടെത്തി. പ്രസ്തുത സോഫ്റ്റ് വെയറിന്റെ പേരോ, അതു നിർമ്മിച്ചു നൽകിയിരുന്ന വ്യക്തിയുടെ പേരോ, ഓർമ്മിച്ചെടുക്കുവാൻ ഇപ്പോൾ സാധിക്കുന്നില്ല.



ഐ.ബി.എം കമ്പ്യൂട്ടറുകളിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന DOS (Disk Operating System) ഓർമ്മയുണ്ടാകുമല്ലോ. അത്തരം സിസ്റ്റത്തിൽ ഉപയോഗിക്കുവാൻ സാധിച്ചിരുന്ന Postscript Fonts ന് പരിമിതികളുണ്ടായിരുന്നു.

ഇന്നത്തെ ദൃശ്യപ്പൊലിമയുള്ള രീതിയിൽ ആയിരുന്നില്ല എൺപതുകളിലെ കംപ്യൂട്ടറുകൾ. ഗ്രാഫിക് യൂസർ ഇന്റർഫേസിൽ (ജിയുഐ) അധിഷ്ഠിതമായ വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റമെത്തും മുൻപ് ഡോസ്(ഡിഒഎസ് - ഡിസ്ക് ഓപ്പറേറ്റിങ് സിസ്റ്റം) എന്ന താരതമ്യേന വിരസമായ സങ്കേതമായിരുന്നു കംപ്യൂട്ടിങ് രംഗത്ത് ഉണ്ടായിരുന്നത്. ദൃശ്യപരമായി ഏറെ മേന്മയൊന്നും അവകാശപ്പെടാനില്ലാത്ത ഈ ഓപ്പറേറ്റിങ് സിസ്റ്റത്തിൽ മലയാളം എങ്ങനെ ടൈപ്പ് ചെയ്യാനാകും എന്നതായിരുന്നു വെല്ലുവിളി. ഇംഗ്ലീഷ് കീബോർഡിലൂടെ ഇംഗ്ലീഷ് അക്ഷരങ്ങൾക്കു പകരം മലയാളം ടൈപ്പ് ചെയ്യിക്കാനുള്ള ശ്രമം ഒടുവിൽ വിജയിച്ചുവെങ്കിലും അത് സ്ക്രീനിൽ കാണുന്ന രീതിയിലായിരുന്നില്ല. മോണിറ്ററിൽ ഇംഗ്ലീഷിൽ അക്ഷരങ്ങൾ കാണുകയും പ്രിന്റൗട്ടിലും മുൻകൂട്ടി നിർണയിച്ച മലയാളം അക്ഷരം പതിയുന്ന രീതിയാണ് ആദ്യം കണ്ടെത്തിയത്.

തുടർന്ന് ഉപയോഗത്തിൽ വന്ന വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം, ഫോണ്ട്സിന്റെ സാധ്യതകൾ ഇന്നത്തെ നിലവാരത്തിൽ എത്തിച്ചു. വിൻഡോസ് എൻവയൺമെന്റിൽ ഉപയോഗിക്കുന്ന ഫോണ്ട്സ് ട്രൂ ടൈപ്പ് എന്ന് അറിയപ്പെടുന്നു.

ഇത്തരം ഫോണ്ട്സ് ഏതു വലിപ്പത്തിലും സ്ക്രീനിൽ കാണുന്നതിനും സാധിക്കുന്നു. (Scalable & Proportionally spaced). ട്രൂ ടൈപ്പ് ഫോണ്ട്സ് നിർമ്മിക്കുന്നതിനുള്ള ടൂൾസ് (സോഫ്റ്റ് വെയർ) സുലഭമാണ്. ഇപ്പോഴും കോർപ്പറേറ്റ് മാർക്കറ്റിൽ ലഭ്യമായ 'Fontographer' അത്തരത്തിലുള്ള ഒരു സോഫ്റ്റ് വെയർ ആണ്. വ്യത്യസ്ത ഭാഷകളിൽ അക്ഷരങ്ങൾ പ്രിന്റ് ചെയ്യുന്നതിനെയാണ് വ്യത്യസ്ത ഫോണ്ട്സ് എന്നു വിളിക്കുന്നത് എന്നു മനസിലാക്കാമല്ലോ.

റോമൻ, ടൈംസ്, ഏരിയൽ തുടങ്ങി നൂറുകണക്കിന് ഫോണ്ട്സ് ഇംഗ്ലീഷിൽ സുലഭം. അത്തരത്തിലുള്ള മറ്റൊരു ഫോണ്ട് എന്ന സങ്കല്പത്തിലാണ് മലയാളം അക്ഷരങ്ങൾ പ്രിന്റ് ചെയ്യുന്നതിനുള്ള വിദ്യ സാധ്യമാക്കിയത്.

പ്രത്യേകം ഓർമ്മിക്കേണ്ട കാര്യം, പി.സി.യിൽ സാധാരണക്കാരുടെ ഉപയോഗത്തിന് ഉപകരിക്കുന്ന, വളരെ നിസാരവിലക്ക് ആർക്കും സ്വന്തമാക്കുവാനും, ഏതൊരു കമ്പ്യൂട്ടറിലും ഇൻസ്റ്റാൾ ചെയ്യുവാനും സാധിക്കുന്ന ഫോണ്ട്സിന്റെ കഥയാണ് ഇവിടെ പറയുന്നത്.

മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ദിനപത്രങ്ങളും മറ്റും, അവരുടെ ഉപയോഗത്തിനാവശ്യമായ മലയാളം ടൈപ്പ് സെറ്റിംഗ് സംവിധാനവും അതിന് ആവശ്യമായ ഫോണ്ട്സും അതിനോടകം തന്നെ ഉപയോഗിച്ചു തുടങ്ങിയിരുന്നു. അവയൊക്കെയും, ആപ്പിൾ പോലെയുള്ള വലിയ കമ്പ്യൂട്ടർ സ്ഥാപനങ്ങൾ അതാതു പ്രസിദ്ധീകരണങ്ങളുടെ ആവശ്യത്തിനു വേണ്ടി പ്രത്യേകം രൂപപ്പെടുത്തിയവ ആയിരുന്നു എന്നു മനസിലാക്കുക. സാധാരണക്കാർക്ക് കിട്ടുന്നതല്ല.

ഈ ഒരു വിടവിലേക്കാണ് ജോസ്കുട്ടി ഫോണ്ട്

രംഗപ്രവേശം ചെയ്യുന്നത്.

ഡോസിൽ (Disk Operating System) ഞാൻ ഫോണ്ട്സ് നിർമ്മിച്ച അതേ കാലത്തു തന്നെ മറ്റു ചില മലയാളികളും പിസിയിൽ മലയാളം ഉപയോഗിക്കുവാനുള്ള വിദ്യ രൂപപ്പെടുത്തിയിരുന്നു. മലയാളത്തിൽ ഒരു ചെറിയ കത്ത് തയ്യാറാക്കുന്നതിനു വേണ്ടി പോലും വ്യത്യസ്തമായ ഒരു പ്രോഗ്രാം തന്നെ പഠിച്ചെടുക്കണം എന്ന സാഹചര്യം മൂലമാകാം, അത്തരം സാങ്കേതിക വിദ്യക്ക് വലിയ സ്വീകാര്യത ലഭിച്ചു കണ്ടില്ല.

Microsoft Word, Word Perfect തുടങ്ങി എല്ലാവരും ഉപയോഗിച്ചു വരുന്ന വേഡ്പ്രോസ്സസർ ഉപയോഗിച്ചു തന്നെ പേജ് ഫോർമാറ്റിന്റെ എല്ലാ വിദ്യകളും സാധ്യമാവുന്ന രീതിയിൽ, മലയാളത്തിൽ ഡോക്യുമെന്റ്സ് തയ്യാറാക്കുവാൻ ഉപകരിക്കുന്ന മലയാളം ഫോണ്ട്സ് നിർമ്മിക്കുവാനാണ് ഞാൻ ശ്രമിച്ചതും-ചെയ്തതും.

ഇംഗ്ലീഷ് പ്രോഗ്രാമുകളിൽ സാധാരണ ഉൾക്കൊള്ളിച്ചിരിക്കുന്ന ഫോണ്ട്സ് കൂടാതെ, ഫാഷണബിൾ ഫോണ്ട്സ് ആവശ്യാനുസരണം വാങ്ങി ഇൻസ്റ്റാൾ ചെയ്യുവാൻ സാധിക്കുമല്ലോ. അതേ രീതിയിൽ മറ്റൊരു ഫോണ്ട് എന്നു കരുതി, ഈ മലയാളം ഫോണ്ട്സ് ഉപയോഗിക്കാം.

ഇംഗ്ലീഷ് ടൈപ്പ് ചെയ്യുവാൻ ടൈംസ് അല്ലെങ്കിൽ റോമൻ സെലക്ട് ചെയ്യുന്നതുപോലെ ഈ മലയാളം ഫോണ്ട് സെലക്റ്റ് ചെയ്തശേഷം ടൈപ് ചെയ്താൽ മലയാളം ലിപി സ്ക്രീനിൽ വരികയും പ്രിന്റ് ചെയ്യുകയും ചെയ്യും.

ഞാൻ നിർമ്മിച്ച മലയാളം ഫോണ്ട്സിന്റെ പേരുകൾ സരോജ, ഗംഗ, ജയ, കൈരളി.

ഈ ഫോണ്ട്സ് ഉപയോഗത്തിൽ വന്ന ആദ്യ വർഷങ്ങളിൽ (1990 കളിൽ) ധാരാളം മലയാളികൾ (യൂറോപ്പിലും, ഗൾഫിലും ഉൾപ്പെടെ) ഇത് വാങ്ങുകയും ഉപയോഗിക്കുകയും ചെയ്തിരുന്നു. ഏതാനും വാക്കുകളോ, സ്വന്തം പേരോ മലയാളത്തിൽ പ്രിന്റ് ചെയ്തുകാണുക എന്നതു മാത്രമായിരുന്നു പലരുടെയും കൗതുകം.

അമേരിക്കയിൽ പ്രസിദ്ധീകരിക്കുന്ന ചില മലയാളം പ്രസിദ്ധീകരണങ്ങൾ (മലയാളം പത്രം ഉൾപ്പടെ) ഈ ഫോണ്ട്സ് ഉപയോഗിക്കുകയും ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നത് നന്ദിയോടെ ഓർക്കുന്നു.

മറ്റ് ഇന്ത്യൻ ഭാഷകൾക്കുവേണ്ടി ഞാൻ ഫോണ്ട്സ് നിർമ്മിച്ചു എങ്കിലും വേണ്ടവിധത്തിൽ പബ്ലിസിറ്റി നൽകാതിരുന്നതു മൂലമാകാം അവക്കൊന്നും ആവശ്യക്കാർ അധികം ഉണ്ടായില്ല.

**പരിമിതികൾ**

മലയാളം ലിപി അടയാളപ്പെടുത്തിയിട്ടില്ലാത്ത ഇംഗ്ലീഷ് കീബോർഡ്, മലയാളം ടൈപ് ചെയ്യുന്നതിന് ഉപയോഗിക്കേണ്ടി വരുമ്പോഴുള്ള ഇരുട്ടിൽ തപ്പ്,



വലിയ ബുദ്ധിമുട്ടുണ്ടാക്കും. മലയാളം അക്ഷരങ്ങളും, വള്ളിപുള്ളി ചിഹ്നങ്ങളും ഏതൊക്കെ കീയിൽ എന്നതിന് റഫറൻസ് കാർഡ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പുതുതായി ഇവ ഉപയോഗിക്കുവാൻ ശ്രമിക്കുന്നവർക്ക് അത് അത്ര സുഖകരമായ അനുഭവം ആകില്ല.

മലയാളത്തിന് ഒരു അംഗീകൃത കീബോർഡ് നിലവിലില്ല എന്ന വലിയ കുറവ് ഇവിടെ എടുത്തു പറയേണ്ടതാണ്. മലയാളം ഡിപിടി ഇപ്പോൾ സുലഭമാണ്. എങ്കിലും ഓരോ പ്രോഗ്രാമും വേറിട്ട രീതിയിലാണ് കീബോർഡ് തയ്യാറാക്കിയിരിക്കുന്നത്. അംഗീകൃത കീബോർഡിന്റെ അഭാവം മൂലമാണിതെന്നു പറയേണ്ടതില്ലല്ലോ.

മലയാളം ഭാഷാ വകുപ്പിലെ ചില ഉയർന്ന ഉദ്യോഗസ്ഥരോടും, മലയാളം യൂണിവേഴ്സിറ്റി അധികൃതരോടും ഈ വിഷയം അവസരം കിട്ടിയപ്പോഴൊക്കെ ചർച്ച ചെയ്തിട്ടുള്ളതാണ്.

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് (ഉമ്മൻ ചാണ്ടി സർക്കാർ) മലയാളം ഭാഷാ ബിൽ എന്ന പേരിൽ ഒരു ബിൽ നിയമസഭയിൽ പാസാക്കിയിരുന്നു. കമ്പ്യൂട്ടർ ലോകത്ത് മലയാളഭാഷയുടെ ഉപയോഗവും കീബോർഡിൽ മലയാളം ലിപികൾ നൽകേണ്ട ലൊക്കേഷനും സംബന്ധിച്ച നിർദ്ദേശങ്ങളും ഈ ബില്ലിൽ ഉൾപ്പെടുത്തിയിരുന്നു എന്നു മനസിലാക്കുന്നു. എന്നാൽ പ്രസ്തുത ബിൽ നിയമമാകുന്നതിനുള്ള തുടർ നടപടികളൊന്നും സാധിച്ചതായി

അറിവില്ല.

മലയാളം ടൈപ്പ് ചെയ്യുന്നതിന് പല ഓൺലൈൻ രീതികൾ  നിലവിൽ വന്നതോടെ ഈ ഫോണ്ട്സിന്റെ ഉപയോഗം ക്രമേണ കുറയുകയാണ്.

മലയാള ഭാഷയുടെ ഉപയോഗം കുറയുന്നതു മൂലം ഭാഷ 'ക്രമേണ മരിക്കു'കയാണ് എന്നും നമ്മൾ പറയാറുണ്ടല്ലോ. അത് സത്യവുമാണ്. ഈ മരണത്തെ ഏറ്റവും വേഗത്തിലാക്കുന്ന നടപടിയാണ് ഇപ്പോൾ പരക്കെ ഉപയോഗിക്കുന്ന ട്രാൻസലിറ്ററേഷൻ. മലയാളം വാക്കുകൾ ഉച്ചാരണമനുസരിച്ച് ഇംഗ്ലീഷ് ആൽഫബെറ്റ് ഉപയോഗിച്ച് ടൈപ്പ് ചെയ്യുകയും കമ്പ്യൂട്ടറിൽ തയ്യാറിക്കി വച്ചിട്ടുള്ള ക്യത്രിമ ബുദ്ധി (artificial intelligence) ഈ ശബ്ദത്തെ മലയാളം വാക്കുകളാക്കി സ്ക്രീനിലും പ്രിന്ററിലും എത്തിക്കുകയും ചെയ്യുന്ന വിദ്യയെയാണ് ട്രാൻസ്ലിറ്ററേഷൻ എന്നു പറയുന്നത്.





ഇവിടെ പല വാക്കുകളും അക്ഷരതെറ്റായി പ്രിന്റു ചെയ്യുന്നു. ടൈപ്പ് ചെയ്യുന്ന ആളിനു പോലും പല വാക്കുകളുടെയും ശരിയായ ഉച്ചാരണം സാധ്യമാകുന്നില്ല. ഇവിടെ ഭാഷ സ്വയം മരിക്കുകയല്ല, ഭാഷയെ വധിക്കുകയാണ്.

മലയാളവാക്കുകൾ ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത് (മംഗ്ലീഷ് എന്ന് വിളിപ്പേര്) കംപ്യൂട്ടറിൽ മലയാളം രചിക്കുന്ന ട്രാൻസ്ലിറ്ററേഷൻ രീതി മലയാള ഭാഷയ്ക്ക് മരണമണി മുഴക്കുമെന്ന്  തന്നെ കരുതണം.

സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകളിലും ബ്ലോഗുകളിലും വ്യാപകമാവുന്ന ട്രാൻസ്ലിറ്ററേഷൻ സമ്പ്രദായം മലയാളക്കരയിലെ ഡിടിപി രംഗത്തും വ്യാപകമാവുകയാണ്. അടുത്തിടെ നാട്ടിലെത്തി മലയാളത്തിൽ ഒരു രേഖ ടൈപ്പ് ചെയ്തു കിട്ടുന്നതിനായി ഡിടിപി സെന്ററിൽ എത്തിയപ്പോഴും ഈ രീതി പിന്തുടരുന്നത് കണ്ടു.

മലയാളത്തിൽ ചിന്തിച്ച് മലയാളത്തിൽ രചന നിർവഹിക്കുന്ന ഭാഷാസമ്പൂർണമായ ടൈപ്പിങ് രീതിയിൽ നിന്നുമാറി ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത് മലയാളം രചിക്കുന്ന രീതി ഭാഷയ്ക്ക് നാശമുണ്ടാക്കും. ഇത്തരത്തിൽ ചെയ്യുന്ന പല വാക്കുകളിലും ഉപയോഗക്രമത്തിലെ മാറ്റങ്ങൾ കാരണം അക്ഷരത്തെറ്റുകളും കടന്നു വരുന്നുണ്ട് (അച്ഛൻ, പ്രതിഛരായ തുടങ്ങിയ വാക്കുകൾ ഉദാഹരണം)

**ഭാഷാപരമായ അപചയം**

ഭാഷാപരമായ പ്രവർത്തനങ്ങൾക്കായി പ്രത്യേക സർവകലാശാല, ശ്രേഷ്ഠഭാഷാ പദവി തുടങ്ങിയ അവസ്ഥകളിലേക്ക് മലയാളഭാഷ മുന്നേറുമ്പോഴും കംപ്യൂട്ടറിലും മറ്റുമുണ്ടാകുന്ന ഈ അപചയം കൂടി ഭാഷാസ്നേഹികൾ ഉൾക്കൊള്ളണമെന്ന് അദ്ദേഹം  പറഞ്ഞു. ഭാഷയെ വേരിൽ തന്നെ ബാധിക്കുന്ന അർബുദത്തിനാണ് ട്രാൻസ്ലിറ്ററേഷൻ വഴിതെളിക്കുക, ഇത് നിരുൽസാഹപ്പെടുത്തണം. ഭാഷയെ സംസ്കാരമായി തന്നെ കാണണം.

വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ ആവിർഭാവത്തോടെയാണ് ട്രൂ ടൈപ്പ് ഫോണ്ടുകൾ (ടിടിഎഫ്) രംഗത്തു വരുന്നത്. ഒന്നു മുതൽ മുകളിലേക്ക് എത്ര വേണമെങ്കിലും ലിപി വലിപ്പം സാധിക്കുന്ന ഫോണ്ടുകൾ ഇതോടെ രംഗത്തെത്തി. 200 – 250 ഇംഗ്ലീഷ് ഫോണ്ടുകൾ വരെ രംഗത്തെത്തിയ അക്കാലത്തും മലയാളഭാഷയ്ക്ക് ക്രിയാത്മകമായി ഉപയോഗിക്കാവുന്ന ഒരു ഫോണ്ട് ലഭ്യമല്ലായിരുന്നു. ഇതിൽ ഉത്കണ്ഠ തോന്നിയിരുന്നു.

മലയാളം ടൈപ്പ്റൈറ്ററുകളിൽ ഉണ്ടായിരുന്നത് പോലെ ചില്ലക്ഷരങ്ങൾ– മീതൽ ( ് ) ചിഹ്നം കൂടിച്ചേർത്ത് യോജിപ്പിക്കുന്ന രീതിക്കുപരി കൂട്ടക്ഷരമായി കാട്ടുക എന്നതായിരുന്നു ഏറെ പ്രയാസകരം. എഴുപതുകളിലും മറ്റും ലിപിപരിഷ്കരണ ശ്രമങ്ങളിൽ ഉപയോഗിച്ച സങ്കേതങ്ങൾ (ക എന്ന അക്ഷരത്തിനൊപ്പം തന്നെ ു ഇണക്കിച്ചേർത്തുപയോഗിക്കുന്ന രീതി) ഇതിനായി പരീക്ഷിച്ചു. ഇംഗ്ലീഷ് കീബോർഡിൽ 26 അക്ഷരങ്ങളുടെ കാപിറ്റൽ – സ്മാൾ ലെറ്റർ വകഭേദങ്ങളിൽ 52 അക്ഷരങ്ങൾമാത്രമേ സാധ്യതയുള്ളൂവെന്നതിനാൽ അതിനുള്ളിൽ തന്നെ അതിലേറെ വരുന്ന മലയാളം ലിപികൾ ഉൾപ്പെടുത്തുകയെന്നതായിരുന്നു ഈ രംഗത്ത് തനതായ സംഭാവന നടത്താൻ ആഗ്രഹിച്ചവർ അന്നു നേരിട്ട പ്രധാന വെല്ലുവിളി.

അക്കാലത്ത് കേരളത്തിൽ പത്രങ്ങളിലും മറ്റു പ്രസിദ്ധീകരണങ്ങളിലും ഉപയോഗിച്ചിരുന്ന ഫോണ്ടുകൾ പല ഫോർമാറ്റുകളിലുള്ളവയായിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഓരോരുത്തരും അവരവരുടെ സൗകര്യത്തിനനുസരിച്ച് ലിപികൾ രചിച്ച് അവ ഉപയോഗക്രമത്തിൽ വരുത്തുന്ന രീതി. ഇതിനിടെ ഒട്ടൊക്കെ ഏകീകൃത കീബോർഡ് സൃഷ്ടിക്കാനുള്ള ശ്രമമാണ് നടത്തിയത്.

ഏറ്റവുമധികം ഉപയോഗിക്കുന്ന അക്ഷരങ്ങൾ അതിസ്വാധീന വിരലുകളിൽ വിന്യസിക്കുകയും വിരളമായി ഉപയോഗിക്കുന്ന അക്ഷരങ്ങൾ മറ്റു വിരലുകളിൽ വിന്യസിക്കുകയും ചെയ്യുന്ന രീതിയാണ് ഇംഗ്ലീഷ് ടൈപ്പ്റൈറ്ററുകളിൽ പിന്തുടർന്നതെങ്കിൽ മലയാളത്തിലെ ആദ്യകാല ഫോണ്ട് നിർമാതാക്കളിൽ പലരും സൗകര്യപ്രദമെന്ന നിലയിൽ ഇംഗ്ലീഷ് കീബോർഡിലെ ക്ക ആ ആയും ന്ന ക ആയും മറ്റുമായിരുന്നു വിന്യസിച്ചിരുന്നത്. ഉപയോഗരീതിയിൽ പ്രധാനമെന്നു വിലയിരുത്തിയ ലിപികൾ കീബോർഡിൽ എളുപ്പം ലഭിക്കുന്ന രീതിയിൽ വിന്യസിക്കാനാണ് തോമസ് ജോസ് ശ്രമിച്ചത്.

ഉദാഹരണമായി, ഇംഗ്ലീഷ് കീബോർഡിൽ ക്ക എന്ന അക്ഷരം വരുന്ന സ്ഥാനത്ത് അദ്ദേഹം ഉപയോഗിച്ചത് അന്ന് പ്രചാരത്തിലിരുന്ന മലയാളം ടൈപ്പ് റൈറ്ററിലെ അക്ഷര വിന്യാസമാണ്.

ഫോണ്ടിനു പല പേര് നൽകിയെങ്കിലും ജോസ്കുട്ടി പിസി ഫോണ്ട് എന്ന പേരിലാണ് ഇത് പ്രശസ്തമായത്. ഈ ഫോണ്ട് ആദ്യകാലത്ത് ധാരാളം പേർ അദ്ദേഹത്തിൽ നിന്നുവാങ്ങിയിരുന്നു. കോപ്പിറൈറ്റ് മാനദണ്ഡങ്ങൾ പ്രകാരം വിൽക്കാത്തതിനാൽ ഒരാൾ അവ നിരവധി പേർക്ക് കൈമാറിയിരിക്കാം എന്നത് പരിഗണിച്ചാൽ തന്നെ ആയിരക്കണക്കിനു പേർ തന്റെ ഫോണ്ട് യുഎസ്, ഗൾഫ് മേഖലകളിൽ ഉപയോഗിച്ചിരിക്കാമെന്ന് തോമസ് ജോസ് പറയുന്നു.

സരോജ എന്ന ഫോണ്ടിൽ ഫോണ്ട് നിർമാണ പരീക്ഷണങ്ങൾ അവസാനിപ്പിക്കാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. ജയ, ഗംഗ, കൈരളി തുടങ്ങിയ പേരുകളിൽ വിളിച്ച ഫോണ്ടുകൾ അദ്ദേഹത്തിന്റെ കംപ്യൂട്ടറിൽ പിറവിയെടുത്തു. ശ്രേഷ്ഠഭാഷയെന്ന നിലയിൽ മലയാളഭാഷ മുന്നേറുമ്പോൾ ഏകീകൃത ഫോണ്ടുകൾക്കും കീബോർഡ് വിന്യാസത്തിനും അധികൃതർ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. കംപ്യൂട്ടറിലെ ഉപയോഗം ലളിതമാക്കാനാവും വിധം ലിപി പരിഷ്കരണത്തിന് ഇനിയും സാധ്യതയുണ്ടെന്നും അദ്ദേഹം പറയുന്നു.

ഉദാഹരണമായി പ്പ, ട്ട തുടങ്ങിയ കൂട്ടക്ഷരങ്ങൾക്കു പകരം പ, ട തുടങ്ങിയ അക്ഷരങ്ങൾക്കു മേൽ പൊതുവായി പ്രകടമാക്കാവുന്ന ഒരു ചിഹ്നം(അക്ഷരത്തിനു മേൽ ഒരു വരയോ മറ്റോ) ഉപയോഗിച്ച് കംപ്യൂട്ടറിൽ ക്രമപ്പെടുത്തിയാൽ ഏകീകൃത കീബോ ർഡിൽ 15 കീ വരെ ലാഭിക്കാനാവും. ഇങ്ങനെ



ചെയ്യുമ്പോഴും ങ്ക തുടങ്ങിയ അക്ഷരങ്ങൾ അങ്ങനെ തന്നെയെഴുതുന്നതാകും ഭംഗിയെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. ചൈനീസ് ഭാഷയിൽ പരമ്പരാഗത, ആധുനിക ഫോണ്ടുകൾ ലഭ്യമാണെന്നതാണ് ഇതിന് പിൻബലമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്.

മലയാളത്തിന് വേറിട്ട രൂപഭംഗിയിൽ നിരവധി ഫോണ്ടുകൾ ലഭ്യമായ ഇക്കാലത്ത് തന്നേപോലുള്ളവർ പണ്ടു നടത്തിയ ഫോണ്ട് പരീക്ഷണങ്ങൾ ആരും അത്ര കാര്യമായി കാണാനിടയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതേസമയം, സാങ്കേതികവിദ്യ പുരോഗമിക്കാത്ത അക്കാലത്ത് താനുൾപ്പെടെ നിരവധി പേർ സ്വന്തം ഭാഷയ്ക്കായി നടത്തിയ ശ്രമങ്ങളിലൂടെ നേടിയ സംതൃപ്തി പറഞ്ഞറിയിക്കാനാവാത്തതാണെന്നും അദ്ദേഹം ഓർമിക്കുന്നു.

1984 ൽ യുഎസിൽ എത്തിയ തോമസ് ജോസ് യുഎസ് സർക്കാരിന്റെ തപാൽ സേവന വിഭാഗത്തിൽ 25 വർഷത്തെ സേവനത്തിനു ശേഷം വിരമിച്ചു. ചങ്ങനാശേരി മാമൂട് ഇയാലിൽ കുടുംബാംഗമായ ഇദ്ദേഹം ഇപ്പോൾ ബിസിനസ് രംഗത്താണ്. യുഎസിലെ മേരിലാൻഡ് സംസ്ഥാന സർക്കാരിന്റെ ഗ്രാന്റോടെ നടത്തുന്ന ഫോസ്റ്റർ ഹോമുകളുടെ പ്രവർത്തനത്തിൽ വ്യാപൃതനാണ് അദ്ദേഹം.

ചെന്നൈ സ്വദേശിനിയായ മലയാളി റോസിയാണ് ഭാര്യ. ഏകമകൻ അലക്സാണ്ടർ

ബാൾട്ടിമോറിൽ താമസം.

മലയാളി കമ്മ്യൂണിററിയിൽ എല്ലാക്കാലവും സജീവം. ഫോമാ, ഫൊക്കാന- പല ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോൾ ഫോമാ ക്യാപിറ്റൽ റീജിയൻ ആർ.വി.പി. എങ്കിലും ഫൊക്കാന, ഫോമാ- എന്നിവയുടെ ഇപ്പോഴത്തെ അവസ്ഥയിൽ നിരാശനാണ്.